# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7513 — 17.7.2012-ൽ മറുപടിയ്ക്ക്**

## കെപ്പ്കോ-നഗരപ്രിയ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ആർ. സെൽവരാജ്<br>,, കെ. അച്ചുതൻ<br>,, പാലോട് രവി | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി |
| എ) കെപ്പ്കോ-നഗരപ്രിയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) നഗരത്തിലെ മുട്ടയുത്പാദനം വർദ്ധിപ്പിക്കുക, അടുക്കളയിലെ അവശിഷ്ടങ്ങൾ നൽകി മുട്ടയുത്പാദനചെലവ് കുറയ്ക്കുക വഴി മാലിന്യ സംസ്കരണത്തിനും ഒരു പരിധി വരെ പരിഹാരം കണ്ടെത്തുക, കോഴിവളം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറിയുത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് കെപ്കോ നഗരപ്രിയയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? | ബി) ആരംഭത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ, കോഴിക്കോട് കോർപ്പറേഷൻ, കൂത്തുപറമ്പ് മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലാണ് കെപ്കോ നഗരപ്രിയ പദ്ധതി നടപ്പാക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഓരോരുത്തർക്കും 5 കോഴികളെ വളർത്താൻ പര്യാപ്തമായ നവീന രീതിയിലുള്ള കൂടും, 5 കോഴികളും , 5 കിലോ തീറ്റയും, മരുന്നും നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവും , |

ഗുണഭോക്തൃ വിഹിതമായി 550 രൂപ മാത്രമേ അടയ്ക്കേണ്ടതുള്ളൂ. തുടക്കത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ 2700 പേർക്കും, കോഴിക്കോട് കോർപ്പറേഷനിൽ 2500 പേർക്കും, കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിൽ 1500 പേർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

Seela

സെക്ഷൻ ഓഫീസർ